## തിരുവനന്തപുരം സിറ്റി പോലീസ്

### പത്രക്കുറിപ്പ്

# യുവതിയുടെ അശ്ലീല ചിത്രം പ്രചരിപ്പിച്ച പ്രതി അറസ്റ്റിൽ, ഇയാളെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ച 4 പേരും പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം : 252 പേർക്കെതിരെ നിയമ നടപടി 39,200/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- പ്രേമം നടിച്ച് യുവതിയുടെ അശ്ലീല ചിത്രങ്ങൾ എടുത്ത് മൊബൈൽ ഫോണിലൂടെ പ്രചരിപ്പിച്ചയാളേയും ഇയാളെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ചതിന് യുവതിയുടെ ബന്ധുക്കളടക്കം 4 പേരെയും പോലീസ് അറസ്റ്റു ചെയ്തതായി ഐ ജി പി യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടത്തറ പൊന്നറ കോളനി പുതുവൽ പുത്തൻ വീട്ടിൽ രാജേഷ് (26) നെ യാണ് അശ്ലീല ചിത്രം പ്രചരിപ്പിച്ചതിന് അറസ്റ്റു ചെയ്തത്. അതോടൊപ്പം ഇയാളെ തട്ടിക്കൊണ്ടുപോയി മർദ്ദിച്ച കേസിലേയ്ക്ക് യുവതിയുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ള പൊന്നറ സ്വദേശി എബിൻ (25), മുട്ടത്തറ സ്വദേശികളായ ശരത് വി. നായർ (22), സാജൻ (23), അരുൺദാസ് ( 26)എന്നിവരെയുമാണ് ഫോർട്ട് പോലീസ് അറസ്റ്റു ചെയ്തത്.

ഭാര്യയുമായി പിണങ്ങി കൊട്ടാരക്കരയിൽ മാറി താമസിച്ചു വരികയാരുന്ന രാജേഷ്, ഭാര്യയുടെ ബന്ധുകൂടിയായ യുവതിയുടെ അശ്ലീല ചിത്രങ്ങൾ ബന്ധുക്കൾക്ക് അയച്ചതാണ് പ്രശ്നങ്ങൾക്ക് തുടക്കമായത്. കൊട്ടാരക്കരയിലുള്ള രാജേഷിന്റെ അളിയൻ റോയിയുടെ വീട്ടിൽ കഴിഞ്ഞു വരവെ രാജേഷിനേയും റോയിയേയും കഴിഞ്ഞ 14- ന് യുവതിയുടെ ഒരു ബന്ധു കുടുംബ വഴക്ക് ഒത്തുതീർക്കാനെന്ന വ്യാജേന വിളിച്ചു വരുത്തുകയായിരുന്നു. പറഞ്ഞ പ്രകാരം രാജേഷും റോയിയും ആറ്റുകാൽ ചിറപ്പാലത്തിനു

സമീപം എത്തിയ സമയം, പ്രതികൾ നാലുപേരും ചേർന്ന് ഇവരെ ആട്ടോയിൽ പിടിച്ചു കയറ്റി മുട്ടത്തറ പെരുന്നെല്ലി ഗ്രൗണ്ടിൽ കൊണ്ടുപോയി ഇരുമ്പു പൈപ്പുകൊണ്ടും മറ്റും മർദ്ദിക്കുകയായിരുന്നു. തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടിയ ശേഷം രാജേഷ് നൽകിയ പരാതിയിൻ മേൽ നടത്തിയ അന്വേഷണത്തിലാണ് 4 പ്രതികളേയും ഇന്നലെ അറസ്റ്റ് ചെയ്തത്. യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഐ ടി ആക്ട് പ്രകാരവും വിവിധ ഐ പി സി വകുപ്പുകൾ പ്രകാരവും എടുത്ത കേസിലേയ്ക്ക് രാജേഷിനേയും അറസ്റ്റു ചെയ്തു. അസി. കമ്മീഷണർ സ്റ്റുവർട്ട് കീലർ, എസ് എച്ച് ഒ രാകേഷ്, എസ് ഐ സജു എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.

## കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (15-10-2020) നടത്തിയ പരിശോധനയിൽ 252 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 183 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 13 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 11 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 9 കടകൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും39,200/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ രോഗവ്യാപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 36 പേർക്കെതിരെ